# ‘ഫലം പുറപ്പെടുവിക്കുന്ന വൃക്ഷമായിത്തീരുക’

## ഉല്പത്തി 49:22

“യോസേഫ് ഫലപ്രദമായൊരു വൃക്ഷം, നീരുറവിനരികെ ഫലപ്രദമായൊരു വൃക്ഷം തന്നേ. അതിന്റെ കൊമ്പുകൾ മതിലിലേക്ക് പടരുന്നു.”

ഈ വാക്യത്തിലൂടെ യോസേഫിന്റെ ജീവിതത്തിലെ പല ഗുണവിശേഷങ്ങളെ കുറിക്കുന്നതായി കാണാവുന്നതാണ്. യോസേഫാകുന്ന ആ വൃക്ഷം ഫലമുള്ളതാണ്. നീരുറവിനരികെയുള്ളതും അതിന്റെ കൊമ്പുകൾ മതിലിന്മേൽ പടർന്നു പിടിച്ചിട്ടുള്ളതുമാകുന്നു. ഈ സവിശേഷ ഗുണങ്ങളെ ആത്മീയതലത്തിൽ നാം ചിന്തിക്കേണ്ടിയിരിക്കുന്നു.

എപ്രകാരം ജീവിക്കുന്ന ഒരു ദൈവപൈതലായിരിക്കും ഫലപ്രദമായ വൃക്ഷമാകുന്നത് എന്ന് സങ്കീർത്തനങ്ങൾ 1:2,3 വാക്യങ്ങൾ വായിക്കുമ്പോൾ നമുക്ക് മനസ്സിലാകുന്നുണ്ട്. ദൈവത്തിന്റെ കല്പനകൾ അനുസരിച്ച് ദൈവത്തോട് പറ്റിച്ചേർന്ന് ജീവിക്കുന്ന ഒരു വ്യക്തിയാണ് ഫലപ്രദമായ വൃക്ഷമായിത്തീരുന്നത്.

നീരുറവിനരികെയുള്ള വൃക്ഷമായി ഇവിടെ സൂചിപ്പിക്കുന്നത് പരിശുദ്ധാത്മാവാകുന്ന നീരുറവിനെയാകുന്നു. യോഹന്നാന്റെ സുവിശേഷം 7:38 ൽ, എന്നിൽ വിശ്വസിക്കുന്നവന്റെ ഉള്ളിൽ നിന്ന് തിരുവെഴുത്തു പറയുന്നതുപോലെ ജീവ ജലത്തിന്റെ നദികൾ ഒഴുകും എന്ന് യേശുക്രിസ്തു പറയുകയുണ്ടായി. പരിശുദ്ധാത്മാവാകുന്ന നദിയിൽ നാം ആശ്രയിക്കുമ്പോൾ നാം കൂടുതൽ ശക്തി പ്രാപിക്കുവാനും ബലപ്പെടുവാനും തത്ഫലമായി ആത്മാവിന്റെ ഫലങ്ങൾ നമ്മിൽ നിന്നും പുറപ്പെടുവാനും ഇടയായിത്തീരും.

മതിലിന്മേൽ പടർന്നു ചെല്ലുന്ന കൊമ്പുകൾ ഉള്ള വൃക്ഷമായി യോസേഫിനെ വർണ്ണിച്ചിരിക്കുന്നുവല്ലോ. അതായത് ഏതൊരു വൃക്ഷത്തിന്റെയും ഫലം കൂടുതലായി അതിന്റെ കൊമ്പുകളിലാണ് കാണുന്നത്. മതിലിന്മേൽ പടർന്നു പിടിച്ചിരിക്കുന്ന ഫലങ്ങൾ, അതിലേക്ക് കടന്നുപോകുന്ന ഏതൊരു വഴിയാത്രക്കാരനും പറിച്ചു ഭക്ഷിക്കാൻ തക്കവണ്ണം ഇടയായിത്തീരും. മറ്റൊരു വിധത്തിൽ പറഞ്ഞാൽ നമ്മിലുള്ള നന്മകൾ, ഫലങ്ങൾ നമ്മിൽ മാത്രം ഒതുക്കിക്കൂടുവാനല്ല ദൈവം ആഗ്രഹിക്കുന്നത് പിന്നയോ അത് മറ്റുള്ള അനേകരുടെ ജീവിതത്തിനും ഒരു അനുഗ്രഹമായി തീരുവാൻ ഇടയാകണം.

യോസേഫിന്റെ ജീവിതത്തിൽ ദൈവം നൽകിയ ദർശനങ്ങൾ താൻ പ്രാപിച്ച ശേഷം അനവധി കഷ്ടതകളിലൂടെയും കണ്ണുനീരിലൂടെയുമൊക്കെ കടന്നുപോകേണ്ടതായി വന്നിട്ടുണ്ട്. എന്നാൽ ഏതവസ്ഥയിൽ നിന്നും തന്നെ പുറത്തു കൊണ്ടുവരുവാൻ കഴിയുന്ന സർവ്വശക്തനായ ദൈവത്തിലുള്ള അടിപതറാത്ത വിശ്വാസവും ഉറപ്പും പ്രത്യാശയും അവനെ ജയാളിയാക്കിത്തീർത്തുവെന്ന് പിന്നത്തേതിൽ നമുക്ക് മനസ്സിലാകുന്നു.

ഇപ്രകാരം ഒരു ഫലഭൂയിഷ്ടമായ വൃക്ഷമായിത്തീരുവാൻ ദൈവം നമ്മെയും വിളിച്ചിരിക്കുന്നുവെന്ന സത്യം നാം മറന്നു പോകരുത്. അതിനായി ദൈവത്തിന്റെ ന്യായ പ്രമാണത്തെ രാപ്പകൽ ധ്യാനിക്കുന്ന ഒരു ദൈവപൈതലായി തീരുവാൻ സർവ്വശക്തനായ ദൈവം നമ്മെ ഏവരെയും സഹായിക്കുമാറാകട്ടെ.

പരാമർശം :
യോഹന്നാൻ 15:5

"ഞാൻ മുന്തിരിവള്ളിയും നിങ്ങൾ കൊമ്പുകളും ആകുന്നു; ഒരുത്തൻ എന്നിലും ഞാൻ അവനിലും വസിക്കുന്നു എങ്കിൽ അവൻ വളരെ ഫലം കായക്കും; എന്നെ പിരിഞ്ഞു നിങ്ങൾക്കു ഒന്നും ചെയ്!വാൻ കഴികയില്ല."

സിസ്റ്റർ അശ്വതി ബിനു ഏറ്റുമാനൂർ 046